# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7881 — 16.07.2014-ൽ മറുപടിയ്ക്ക്

# കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി വകുപ്പ് മന്ത്രി ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്തിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (ബി) വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു.

- കാസർഗോഡ് ജില്ലയിലെ സെക്ഷൻ ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്തു കൊണ്ട് അസിസ്റ്റൻറ് എഞ്ചിനീയർക്ക് താഴെയുള്ള ജീവനക്കാരെ ജില്ലാടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കാവുന്നതാണ്.
- കാസർഗോഡ് ടൗണിലെ കെ. എസ്. ഇ. ബി സ്ഥാപിച്ചിട്ടുള്ള അണ്ടർഗ്രൗണ്ട് കേബിളുകൾ കമ്മീഷൻ ചെയ്യുന്നതിന് വേണ്ടുന്ന PTCC clearance ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി BSNL ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് ഊർജ്ജ മന്ത്രിയുടെ ചേംബറിൽ വച്ച് നടത്താൻ തീരുമാനിച്ചു.
- മൗഡുഗോളി വിദ്യാനഗർ 110 കെ. വി ലൈൻ ഡബിൾ ലൈൻ ആക്കുന്ന ജോലി കോൺട്രാക്ടർമാർ അധിക തുക ആവശ്യപ്പെടുന്നതിനാൽ നടക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി ഈ ജോലി കെ. എസ്. ഇ. ബി ചെയ്യുകയോ അല്ലെങ്കിൽ അടുത്ത ടെണ്ടർ സമയത്തു കോൺട്രാക്ടർമാരുമായി ചർച്ച നടത്തി ന്യായമായ നിരക്കിൽ ജോലി ചെയ്യിക്കുവാൻ തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.
- ജില്ലയിലെ ഉദുമയിൽ വനംവകുപ്പിൻെറ അനുമതി ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന ലൈൻ വർക്കുകളിൽ പണി പൂർത്തിയായവ എത്രയും പെട്ടെന്ന് ചാർജ് ചെയ്യാനും ബാക്കിയുള്ളവയെ സംബന്ധിച്ച് വനം വകുപ്പ് അധികൃതരുമായി ചർച്ച നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കാനും നിർദ്ദേശിച്ചു.

- നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമത്തിനു പരിഹാരമായി ഉടൻ തന്നെ ഒരു 100 കെ. വി. എ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളണം.
- വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ടുള്ളവയും മറ്റനുബന്ധ പരാതികളും പരിഹരിക്കുവാനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുവാനായുള്ള സർക്കാർ ഉത്തരവ് ഇറക്കുന്നതിനായി കെ. എസ്. ഇ. ബി. : വേണ്ടുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കണം.
- കുബനൂർ സബ്സ്റ്റേഷനിലെ ബാറ്ററി ചാർജ്ജിംഗ് പ്രശ്നങ്ങൾ പരിഹരിക്കാൻ കണ്ണൂർ ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നടപടി കൈക്കൊള്ളണം.
- വലിയപറമ്പ് പ്രദേശങ്ങളിലെ തുരുത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒരു സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്ന കാര്യം പരിശോധിക്കണം.
- ജില്ലയിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ചീമേനിയിൽ താപ വൈദ്യുതി നിലയം വരിക വഴി സാദ്ധ്യമാകുമെന്നുള്ളത് കൊണ്ട് ചീമേനി നിലയത്തെ സംബന്ധിച്ചുള്ള ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനായി കെ. എസ്. ഇ. ബി അധികൃതരും ജനപ്രതിനിധികളും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്നുള്ള ഒരു ടീം NTPC യുടെ ദാദ്രി ജജ്ജർ നിലയങ്ങൾ സന്ദർശിക്കാനായി നടപടി കൈക്കൊള്ളണം.

(സി) പ്രസ്തുത തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

(സി) വിതരണ വിഭാഗവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- അസിസ്റ്റൻറ് എഞ്ചിനീയർക്ക് താഴെയുള്ള ജീവനക്കാരെ ജില്ലാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ആവശ്യമായ ശുപാർശ ബോർഡിനു സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (എച്ച്. ആർ. എം)-നെ ബോർഡ് ചുമതലപ്പെടുത്തി.
- ബി. എസ്. എൻ. എൽ ൻെറയും കെ. എസ്. ഇ. ബി എൽ ൻെറയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗം 9/7/2014 ന് ചേരുകയും ബന്ധപ്പെട്ട വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

- ഉദുമയിലെ മുടങ്ങിക്കിടക്കുന്ന ലൈൻ വർക്കുകളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമത്തിനു പരിഹാരമായി 100 കെ. വി. എ ട്രാൻസ്ഫോർമർ അടിയന്തിരമായി സ്ഥാപിക്കാനുള്ള നിർദ്ദേശം ഉത്തരമേഖലാ ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.
- വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ടുള്ളവയും മറ്റനുബന്ധ പരാതികളും പരിഹരിക്കുവാനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുവാനായുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
- വലിയപറമ്പ് പ്രദേശങ്ങളിലെ തുരുത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒരു സബ് എഞ്ചിനീയർ ഓഫീസിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- കെ. എസ്. ഇ. ബി എൽ അധികൃതരും ജനപ്രതിനിധികളും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്നുള്ള NTPC യുടെ ദാദ്രി ജജ്ജർ നിലയങ്ങൾ സന്ദർശിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസരണ വഭാഗത്തിൽ പ്രസ്തുത മീറ്റിംഗിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന കാര്യങ്ങളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും താഴെച്ചേർക്കുന്നു.

1. മൈലാട്ടി മുതൽ തൗഡുഗോളി വരെയുള്ള 110 കെ. വി. ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിദ്യാനഗർ മുതൽ കബനൂർ വരെയുള്ള 110 കെ. വി ലൈൻ നാല് പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത പ്രവൃത്തി പുനർ ടെണ്ടർ ചെയ്തിരിക്കുകയാണ്.
2. ബേലൂർ 33 കെ. വി. സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിൻെറ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.
3. 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷൻെറ പ്രരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4. 110 കെ. വി. കാഞ്ഞങ്ങാട് സബ് സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന (2x 10 MVA to 2 x 12.5 MVA) പ്രവൃത്തി മേൽ സൂചിപ്പിച്ച (2), (3) പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്.

5. 110 കെ. വി. കുമ്പന്നൂർ, മഞ്ചേശ്വരം സബ്സ്റ്റേഷനുകളിലെ ബാറ്ററി മാറ്റി വയ്ക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. കൂടാതെ കാസർഗോഡ് ജില്ലയിൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കാസർഗോഡ് ടൗണിൽ ഒരു 33 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് മുനിസിപ്പാലിറ്റിയിൽ നിന്നും സ്ഥലം ഏറ്റെടുക്കുകയുണ്ടായി. അതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു. രാജപുരത്ത് ഒരു 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതും പരിഗണനയിലുണ്ട്. 110 കെ. വി. വിദ്യാനഗർ സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി (2 x 10 to 2 x 20 MVA) വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു.

**സെക്ഷൻ ഓഫീസർ.**